വിദേശത്ത് തൊഴിൽ നേടുന്നതിന് പദ്ധതി

12 (*642) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി യുവാക്കൾക്ക് അംഗീകൃത ഏജൻസികൾവഴി വിദേശത്ത് തൊഴിൽ നേടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയനുസരിച്ച് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്ത് തുക നീക്കിവച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

പട്ടികജാതി-വിനോദ സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന്റെ ചെലവുകൾ നേരിടുന്നതിലേക്കായി 50,000 രൂപവരെ ധനസഹായം നൽകുന്ന പദ്ധതി 2013-14 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കിയത്.

(സി&ഡി) യാത്രാ ചെലവ്, വിസാനുബന്ധ ചെലവുകൾ എന്നിവയ്ക്കാണ് തുക നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിച്ചാൽ ടിക്കറ്റ് ചാർജ് ഉൾപ്പെടെ 60% മുൻകൂറായി നൽകുന്നു. കരാർ പ്രകാരം ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചു എന്നത് സംബന്ധിച്ച രേഖ തൊഴിൽദാതാവ് ലഭ്യമാക്കുന്നമുറയ്ക്ക് ബാക്കിത്തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. കഴിഞ്ഞ സാമ്പത്തികവർഷം പദ്ധതി നടപ്പിലാക്കുന്നതിനായി 3.5 കോടി രൂപ അനുവദിച്ചിരുന്നു. നടപ്പു സാമ്പത്തികവർഷവും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ സാമ്പത്തിക വർഷം ഈ പദ്ധതിക്കായി നിശ്ചിത തുക നീക്കിവച്ചിട്ടില്ലെങ്കിലും Assistance for training and Employment (2225-01-102-96 (Plan)) എന്ന ശീർഷകത്തിലെ 3701 എക്ഷം രൂപയിൽനിന്നും ഇതിലേയ്ക്കാവശ്യമായ തുക കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ധനസഹായം 100000 രൂപയായി (ഒരു ലക്ഷം രൂപ) ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly